"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി - 31.03.2023 - ലെ KMMC, KMPIMST ചട്ടങ്ങളിലെ ഭേദഗതി - അധിക ഖനന/ അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്ത് - സമയപരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(കൈ) നം.18/2025/ID തീയതി,തിരുവനന്തപുരം, 28-02-2025

---

പരാമർശം:-

1. 25.08.2023 ലെ സ.ഉ. (കൈ) നം. 61/2023/വ്യവ.
2. 06.02.2024 ലെ സ.ഉ. (കൈ) നം. 10/2024/വ്യവ.
3. 15.03.2024 ലെ സ.ഉ. (കൈ) നം. 21/2024/വ്യവ.
4. 23.01.2025 - ലെ ചെറുകിട കരിങ്കൽ ക്വാറി ഓണേഴ്സ് അസോസിയേഷൻ (SSQA) ജനറൽ സെക്രട്ടറി സമർപ്പിച്ച നിവേദനം.
5. ബഹു. കേരള ഹൈക്കോടതിയിൽ നെല്ലിക്കുന്ന് ഗ്രാനൈറ്റ് & ക്രഷർ പ്രൈവറ്റ് ലിമിറ്റഡ്, കോഴിക്കോട് ഫയൽ ചെയ്ത WPC No. 504/2025 കേസിലെ 28.01.2025 തീയതിയിലെ വിധിന്യായം.
6. ബഹു. കേരള ഹൈക്കോടതിയിൽ ശ്രീ. M.S. തങ്കച്ചൻ ഫയൽ ചെയ്ത WPC No. 3576/2025 കേസിലെ 29.01.2025 തീയതിയിലെ വിധിന്യായം.
7. ബഹു. കേരള ഹൈക്കോടതിയിൽ അരീക്കോട് ഗ്രാനൈറ്റ്സ് ഫയൽ ചെയ്ത WPC No. 2693/2025 കേസിലെ 29.01.2025 തീയതിയിലെ വിധിന്യായം.
8. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 15.02.2025 തീയതിയിലെ ഡിഎംജി/3401/2022-എം5 നമ്പർ കത്ത്.

**ഉത്തരവ്**

മൈനിംഗ് & ജിയോളജി വകുപ്പിലെ അധിക ഖനന/ അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്ത് സംഘടിപ്പിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത അദാലത്തിന്റെ സമയപരിധി പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം അദാലത്തിൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് 31.03.2024 വരെ സമയം നീട്ടി നൽകിയിരുന്നു.

2).വിവിധ കാരണങ്ങളാൽ കുടിശ്ശിക നിവാരണ അദാലത്തിന്റെ കാലാവധി നീട്ടി

നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പരാമർശം (4) പ്രകാരം ചെറുകിട കരിങ്കൽ ക്വാറി ഓണേഴ്സ് അസോസിയേഷൻ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. സൂചന (1) സർക്കാർ ഉത്തരവ് പ്രകാരമുള്ള അദാലത്തിൽ ഉൾപ്പെടുത്തി തങ്ങളുടെ അപേക്ഷകളും പരിഗണിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിലെ പരാമർശം (5) മുതൽ (7) വരെ വിധിന്യായങ്ങളിൽ അപേക്ഷകരുടെ ആവശ്യം പരിശോധിച്ച് തീരുമാനം എടുക്കണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. അധിക ഖനന/ അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്തിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണെന്ന് പരാമർശം (8) പ്രകാരം മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്തിരുന്നു.

3).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം (5) മുതൽ (7) വരെയുള്ള വിധിന്യായങ്ങൾ, ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ അഭ്യർത്ഥന, മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശുപാർശ എന്നിവ പരിഗണിച്ചുകൊണ്ടും സൂചന (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 31.01.2023 - ലെ KMMC/ KMPIMST ചട്ടങ്ങളിലെ ഭേദഗതിക്ക് മുൻപുള്ള അധിക ഖനന/ അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്തിന്റെ സമയപരിധി 31.05.2025 വരെ ദീർഘിപ്പിച്ചുകൊണ്ടും അദാലത്തിൽ പരിഗണിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് 31.03.2025 വരെ സമയം അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

4).അധിക ഖനന/ അനധികൃത ഖനന കുടിശ്ശിക നിവാരണ അദാലത്തിൽ പരിഗണിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളിലെ പരാമർശം (5) മുതൽ (7) വരെയുള്ള വിധിന്യായ പ്രകാരം സർക്കാരിന്റെ പരിഗണനയിലുള്ള എല്ലാ കേസുകളിലും മേൽ ദീർഘിപ്പിച്ച സമയപരിധിക്കുള്ളിൽ അപേക്ഷ അദാലത്തിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് അനുമതി നൽകികൊണ്ടും പരാമർശം (5) മുതൽ (7) വരെയുള്ള ബഹു ഹൈ കോടതിയുടെ വിധിന്യായങ്ങൾ നടപ്പിൽ വരുത്തിയും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.
എല്ലാ ജിയോളജിസ്റ്റുമാർക്കും (മൈനിംഗ് & ജിയോളജി ഡയറക്ടർ മുഖേന)
ശ്രീ. ഹമീദ്, ചെറുവേരി, മാനേജിംഗ് ഡയറക്ടർ, നെല്ലിക്കുന്ന് ക്രഷർ & ഗ്രാനൈറ്റ്സ് ലിമിറ്റഡ്, മരുതോംകര, കോഴിക്കോട് - 673508.
ശ്രീ. തങ്കച്ചൻ.എം.എസ്, മതാലികുന്നേൽ ഹൗസ്, കൂടരഞ്ഞി, കോഴിക്കോട്- 673604.
ശ്രീ.നിയാസ്.വി.കെ, ഡയറക്ടർ, അരീക്കോട് ഗ്രാനൈറ്റ്സ് പ്രൈ. ലിമിറ്റഡ്,

കവനൂർ.പി.ഒ. മലപ്പുറം - 673 639.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ &ഇ) കേരള, തിരുവനന്തപുരം

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sachin V R

Date: 28-02-2025 17:39:09

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

അഡീഷണൽ സെക്രട്ടറിയുടെ സി.എ.